"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന തുറമുഖ വകുപ്പ് -ജീവനകാര്യം -ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർമാരുടെ സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു .

**മത്സ്യബന്ധന (എ)വകുപ്പ്**

സ.ഉ.(സാധാ) നം.294/2022/F&P തീയതി,തിരുവനന്തപുരം, 13-05-2022

പരാമർശം:- 1. ഫിഷറീസ് ഡയറക്ടറുടെ 29/04/2022 ലെ DFTVM/885/2020-A2 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പരാമർശ കത്തിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഫിഷറീസ് വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ സ്ഥലം മാറ്റം അനുവദിച്ച് ഉടൻ പ്രാബല്യത്തിൽ വരുത്തുന്നതിനായി താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു .

1. അഡാക്ക് എറണാകുളം റീജിയണൽ എക്സിക്യൂട്ടിവ് ആയി അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.പ്രശാന്തൻ.വി (PEN-396496) യെ മാതൃവകുപ്പിലേക്ക് തിരികെ പ്രവേശിപ്പിച്ച് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ എറണാകുളം റീജിയണൽ മാനേജർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചിരുന്ന ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.രാജു ആനന്ദ് 30.04.2022-ന് സർവ്വീസിൽ നിന്ന് വിരമിച്ച ഒഴിവിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ എറണാകുളം റീജിയണൽ മാനേജർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുന്നു .

2. പൊന്നാനി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ആയി സേവനമനുഷ്ഠിക്കുന്ന ശ്രീമതി.ചിത്ര.എം (PEN-583999) നെ അഡാക്ക് എറണാകുളം റീജിയണൽ എക്സിക്യൂട്ടീവ് ആയി സേവനമനുഷ്ഠിക്കുന്ന ശ്രീ.പ്രശാന്തൻ വി-യെ സ്ഥലം മാറ്റുന്ന ഒഴിവിൽ അഡാക്ക് എറണാകുളം റീജിയണൽ എക്സിക്യൂട്ടിവ് ആയി അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുന്നു. .

3 . അഡാക്ക് ഹെഡ് ഓഫീസിൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ആയ ശ്രീമതി.ബേബി ഷീജ കൊഹൂർ (PEN-584228) ടി. തസ്തികയിൽ 28.04.2022-ന് 5 വർഷം പൂർത്തിയായതിനാൽ മാതൃവകുപ്പിൽ തിരികെ പ്രവേശിപ്പിച്ച് പൊന്നാനി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി ചിത്ര.എം നെ സ്ഥലം മാറ്റുന്ന ഒഴിവിൽ പൊന്നാനി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ആയി നിയമിക്കുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബി അജിത
ഡെപ്യൂട്ടിസെക്രട്ടറി

ഡയറക്ടർ , ഫിഷറീസ് വകുപ്പ്
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (ഡയറക്ടർ മുഖേനെ)
എക്സിക്യൂട്ടീവ് ഡയറക്ടർ, അഡാക്
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ ആഡിറ്റ്, തിരുവനന്തപുരം
ഐ & പി ആർ ഡി
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ